INTERIOR + ARCHITECTURE THE ULTIMATE GUIDE

THE FIRST INTERIOR MAGAZINE IN MALAYALAM

September, 2014 Vol III Issue VI
Price Rs. 50 US $ 5 UAE Dh 10

# ഇന്റീരിയർ

+ആർക്കിടെക്ചർ മാഗസിൻ



*Onam Wishes*

## New office Interiors

## 12 ലക്ഷത്തിന് ഒന്നര സെന്റിൽ ഇരുനില വീട്

പ്രൗഢിയൊട്ടും കുറയാതെ
പ്രകൃതിയോടിണങ്ങിയ
രൂപകല്പനയുമായി

## MULTIPLE BUDGETS

# DANCING SHADOWS





**FACTFILE**

Project Type: **Residence**
Location: **Munambam, Ernakulam**
Client: **P. J. Joseph**
Architect: **Jayadev K. M**
Design Style: **Contemporary + Minimalistic**
Area:**2600 sq. feet** Plot: **30 Cent**
Completed in: **2013**

# ഭാവസാന്ദ്രം

**വെളിച്ചവും നിഴലും ഒളിച്ചുകളിക്കുന്ന ചുമരുകൾ ഈ വീടിന്റെ കാഴ്ചയെ ഭാവസാന്ദ്രമായൊരനുഭവമാക്കും**






പല ലെവലുകളി
ലായി വരുന്ന
സിറ്റൗട്ട് ഏരിയ

***കാഴ്***ചയേയും മാനസികാവസ്ഥയേയും ഉന്മാദത്തിലാക്കുന്ന നിറക്കൂട്ടുകളോ ഡിസൈൻ എലമെന്റുകളോ ഒന്നും എറണാകുളം മുനമ്പത്തെ പി. ജെ. ജോസഫിന്റെ വീട്ടിൽ കണ്ടെത്താൻ കഴിയില്ല. എന്നാൽ, 2600 സ്ക്വയർ ഫീറ്റ് വിസ്താരമുള്ള ഈ വീടിന്റെ മുക്കിലും മൂലയിലും വരെ പ്രകടമായി കാണാൻ സാധിക്കുന്ന ചിലതുണ്ട്, ഡിസൈനിലെ ലാളിത്യവും അതുവഴി സാധ്യമാകുന്ന പ്രശാന്തസുന്ദരമായ അന്തരീക്ഷവും!

ഒരാൾക്ക് ഭൂമിയിൽ മറ്റേവിടെത്തെക്കാളും സുരക്ഷിതത്വവും സമാധാനവും ലഭിക്കുന്ന ഒരിടമായി മാറുമ്പോഴാണല്ലോ ഓരോ വീടും വീടാവുന്നത്. ആ അർത്ഥത്തിൽ നോക്കുമ്പോൾ ക്ലൈന്റിന്റെ സ്വപ്നങ്ങളോട് നൂറുശതമാനവും ആത്മാർത്ഥത പുലർത്താൻ ഈ വീടിന് സാധിച്ചിട്ടുണ്ട്. അഴകും പ്ലാനിംഗ് മികവും ഡിസൈൻ വൈവിധ്യവും കൈകോർക്കുന്ന ഈ വീടിന്റെ ഡിസൈൻ നിർവ്വഹിച്ചിരിക്കുന്നത് ആർക്കിടെക്റ്റ് കെ. എം. ജയദേവാണ്. ഐ. ഐ. എ കേരള ചാപ്റ്ററിന്റെ 2013 ലെ കമന്റേഷൻ അവാർഡും ഈ റെസിഡൻസ് പ്രൊജക്റ്റിനായിരുന്നു.

## ചില വെല്ലുവിളികൾ

ഈ പ്ലോട്ടിന്റെ തെക്കുവശത്തായി ഒരു സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. പകൽ സമയങ്ങളിൽ സ്കൂളിൽ നിന്നുള്ള ബഹളം വീടിന്റെ അന്തരീക്ഷത്തിൽ അസ്വസ്ഥത ഉണ്ടാക്കുമെന്നതായിരുന്നു പ്രധാന പ്രശ്നം. ആ അസ്വസ്ഥതകൾ എങ്ങനെ ഒഴിവാക്കാം എന്നതായിരുന്നു പ്ലാനിംഗ് ഘട്ടത്തിലെ പ്രധാന ആലോചന. ദിവസത്തിൽ ഏറ്റവും കുറച്ച് ഉപയോഗിക്കുന്ന സ്പെയ്സുകൾ തെക്കു ഭാഗത്തായി നൽകിയാണ് ഈ പ്രശ്നം പരിഹരിച്ചത്. അങ്ങനെയാണ് ഗസ്റ്റ് ബെഡ്റൂം, ഫോർമൽ ലിവിംഗ്, പൗഡർ റൂം എന്നിവയുടെ സ്ഥാനം തെക്കു വശത്തു തന്നെ കണ്ടെത്തിയത്. ഈ വശത്തായി ധാരാളം മരങ്ങളും നൽകിയിട്ടുണ്ട്. സ്കൂളിൽ നിന്നുള്ള ബഹളം മാത്രമല്ല, ചൂടും പ്രതിരോധിക്കാൻ ഇതുവഴി സാധിക്കുന്നു. ചൂടു കുറയ്ക്കാനും തണൽ നൽകാനുമൊക്കെ വേറെയും സംവിധാനങ്ങൾ ആർക്കിടെക്റ്റ് കൊണ്ടു വന്നിട്ടുണ്ട്. വീടിനു നല്ല തണൽ ലഭിക്കാനായി തെക്കു പടിഞ്ഞാറൻ മൂലയിലായി ഒരു ഡെക്ക് നൽകിയിട്ടുണ്ട്. കിഡ്സ് റൂമിന്റെ വെയിലടിക്കുന്ന ഭാഗത്ത് കാബിനറ്റ് നൽകിയതും മുറിയ്ക്കകത്തെ ചൂടു കുറയ്ക്കാൻ സഹായിക്കുന്നുണ്ട്.



കോർട്ട്യാർഡും പർഗോളയും ഇളം വെയിലും പിന്നെ പെബിൾസും. വീടിന്റെ ഹൈലൈറ്റാണ് ഈ കോർട്ട്യാർഡ്.

### ഇന്റീരിയറിലേക്ക്...

കാർപോർച്ചിൽ നിന്നും നേരിട്ട് പ്രവേശിക്കുന്നത് പല തട്ടുകളായി ക്രമീകരിച്ച ഒരു സിറ്റൗട്ട് സ്പെയ്സിലേക്കാണ്. " മുൻവശത്തെ ഈ സ്പെയ്സിനെ സിറ്റൗട്ട് എന്നു പറയുന്നതിനേക്കാൾ പാസ്സേജ് എന്നു പറയു

## MATERIAL CHART

| Area | Material | Showroom/Brand |
|---|---|---|
| Flooring | Vitrified tiles | Restile |
| Entry Walkway | Pearl Black Lapotra as bands and Leather Finish Granite | Kairali Granites |
| Skylight Glass | Double Glazed Thermal Control Glass | Saint Gobain |
| Cabinets and Wardrobes | Laminated Marine Plywood | Kelachandra Plywoods |





ഡൈനിംഗ് ഏ
രിയ. മറ്റൊരു
ദൃശ്യം.



ഫാമിലി ലി
വിംഗ് ഏരിയ.



ഇളം കാറ്റേറ്റ് വിശ്രമിക്കാൻ പേഷ്യോ

ന്നതാവും ഉത്തമം. മൂന്നു ലെവലായിട്ടാണ് ഈ ഏരിയയെ വേർത്തിരിച്ചിരിക്കുന്നത്. " ആർക്കിടെക്റ്റ് ജയദേവ് പറയുന്നു. രണ്ടു തരം ലപോത്ര ഗ്രാനൈറ്റുകളുടെ കോമ്പിനേഷനിലാണ് ഇവിടെ ഫ്ളോർ ഒരുക്കിയിരിക്കുന്നത്. പേൾ ബ്ലാക്ക് ലപോത്രയും ഗ്രേ നിറത്തിലുള്ള ലെതർ ഫിനിഷ് ഗ്രാനൈറ്റും ഇതിനായി ഉപയോഗിച്ചിരിക്കുന്നു. അതേസമയം മിക്സഡ് കോട്ട സ്റ്റോണും സാമ്പ സ്റ്റോണുമാണ് കാർപോർച്ചിൽ പാകിയിരിക്കുന്നത്.

കോർട്ട്യാർഡുകളുടെ സാന്നിധ്യമാണ് ഈ വീടിനെ മനോഹരമാക്കുന്ന മറ്റൊരു ഘടകം. കാർപോർച്ചിൽ നിന്നും വീടിനകത്തേക്കു പ്രവേശിക്കുന്ന സിറ്റൗട്ട് സ്പെയ്സിലാണ് ആദ്യത്തെ കോർട്ട്യാർഡ് വരുന്നത്. പെബിൾസും ഇൻഡോർ പ്ലാന്റുകളും നൽകി ഹൃദ്യമായ രീതിയിലാണ് ഈ കോർട്ട്യാർഡ് ഡിസൈൻ ചെയ്തിരിക്കുന്നത്. ഇതിന് അധികം അകലെയല്ലാതെ മറ്റൊരു ഓപ്പൺ കോർട്ട്യാർഡ് കൂടി നൽകിയിട്ടുണ്ട്.

വിശാലമായ സ്പെയ്സുകളാണ് അകത്തേക്കു പ്രവേശിക്കുമ്പോൾ അതിഥിയെ സ്വാഗതം ചെയ്യാൻ ഒരുങ്ങിയിരിക്കുന്നത്. വീടിന്റെ ഹൃദയഭാഗം എന്നു തന്നെ വിശേഷിപ്പിക്കാവുന്ന മനോഹരമായ വലിയൊരു പെബിൾ കോർട്ട് ഇവിടെ കാണാം. മുകളിൽ സ്കൈലൈറ്റും നൽകിയിരിക്കുന്നു. പകൽവെളിച്ചവും നിലാചന്ദ്രനും ഒരുപോലെ വിരുന്നെത്തുന്നു ഇവിടെ. സ്കൈലൈറ്റ് വഴി വെളിച്ചം സുലഭമായി ലഭിക്കുന്നതിനാൽ പകൽ സമയങ്ങളിൽ വൈദ്യുതിയുടെ ഉപയോഗം അധികം വേണ്ടെന്നു തന്നെ പറയാം. കോർട്ട് യാർഡിന്റെ റൂഫിൽ ഡബ്ൾ


ഗ്ലേയ്സിംഗ് ഗ്ലാസ്സാണ് നൽകിയത്. ഇതിന്റെ രണ്ടു ലെയറുകൾ ചൂടിനെ പ്രതിരോധിച്ച് വെളിച്ചത്തെ മാത്രമേ ഇതുവഴി അകത്തേക്കു കടത്തി വിടുകയുള്ളൂ. ഈ സ്കൈലൈറ്റിന്റെ സാന്നിധ്യം ഇന്റീരിയർ ചുമരുകളിൽ നിഴൽ ചിത്രങ്ങൾ വരക്കുന്ന കാഴ്ച അതിമനോഹരം തന്നെ. വെളിച്ചവും നിഴലും ഒളിച്ചുകളിക്കുന്ന ചുമരുകൾ കാഴ്ചയെ ഭാവസാന്ദ്രമായൊരു അനുഭവമാക്കും.

### ഓപ്പൺ സ്വഭാവം

ഓപ്പൺ കൺസെപ്റ്റിലാണ് പബ്ലിക് ഏരിയകൾ വേർത്തിരിച്ചിരിക്കുന്നത്. ഫോർമൽ ലിവിംഗ്, ഫാമിലി ലിവിംഗ്, ഡൈനിംഗ് ഏരിയ എന്നിവയൊക്കെ ഇങ്ങനെ ഓപ്പൺ കൺസെപ്റ്റിൽ തന്നെയാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ ഫാമിലി ലിവിംഗിനും കോർട്ട് യാർഡിനും ഇടയിലായി ഒരു സെമി പാർട്ടീഷൻ വാൾ കാണാം. ഈ മെഷിനറി വാളിന്റെ ഫാമിലി ലിവിംഗിലേക്ക് തുറക്കുന്ന ഭാഗത്ത് വുഡൻ പാനലിംഗ് നൽകിയിരിക്കുന്നു. അതേസമയം, കോർട്ട് യാർഡിനെ അഭിമുഖീകരിക്കുന്ന വശത്ത് നൽകിയത് റസ്റ്റിക് സ്റ്റോൺ ഫിനിഷാണ്.

മനോഹരമായ ഫാബ്രിക് സോഫ യൂണിറ്റാണ് ഫാമിലി ലിവിംഗിന്റെ പ്രധാന ആകർഷണം. ഫാമിലി ലിവിംഗിന്റെ ചുമരിൽ നൽകിയിരിക്കുന്ന 8 എം എം മൈൽഡ് സ്റ്റീൽ റോഡു കൊണ്ടു നിർമ്മിച്ച വാൾ ആർട്ട് ആരിലും കൗതുകം ഉണർത്തും. പേൾ ബ്ലാക്ക് ലപോത്രയും ഗ്രീൻ ലപോത്രയുമാണ് ഇവിടെ ഫ്ളോറിംഗിനു വേണ്ടി ഉപയോഗിച്ച മെറ്റീരിയലുകൾ. ഇവിടെ മാത്രമല്ല, ഇന്റീരിയറിൽ ആകമാനം ഇതേ മെറ്റീരിയലുകൾ തന്നെയാണ് ഫ്ളോറിംഗിനു വേണ്ടി നൽകിയിരിക്കുന്നത്. ഫാമിലി ലിവിംഗിൽ തന്നെയാണ് ടെലിവിഷനും ഇടം നൽകിയത്. ലാമിനേറ്റഡ് മറൈൻ പ്ലൈ കൊണ്ടുള്ള റാക്കുകൾ എൽസിഡി യൂണിറ്റിന് അനുബന്ധമായി നൽകിയിട്ടുണ്ട്.

ലാളിത്യം തന്നെയാണ് ഡൈനിംഗ് ഏരിയയുടെയും മുഖമുദ്ര. ബാംഗ്ലൂരിൽ നിന്നും പർച്ചെയ്സ് ചെയ്ത വെള്ളനിറത്തിലുള്ള ഈസ് സെൽഫ് ചെയറുകളാണ് ഡൈനിംഗിലെ പ്രധാന ഫർണിച്ചറുകൾ. തേക്കും ഗ്ലാസ്സും ഉപയോഗിച്ച് കസ്റ്റമെയ്ഡായി നിർമ്മിച്ചെടുത്തതാണ് ടേബിൾ. മനോഹരമായൊരു ഹാംഗി




## meet the architect

### Ar. Jayadevan K.M



**Firm:** Jayadev Architects

**Firm Specialisation:** Architecture & Interior Designing

**Design Philosophy:** We believe Good Design is that which relates to the senses and context and the experience of it us the most significant outcome that we strive to reach at. Light, materials, textures, smells plays a cohesive role in the making of this experience. How this plays upon a user within a specific enviornment with all the elements of nature and the myriad moods that it can conjure up, its effect on the spatial quality is the most important understanding that a designer must have.

**Address:** Jayadev Architects, 48/ 1865, Grameena Vayanashala Road, Ponnurunni, Vytilla PO, Cochin- 682030.

Phone: 0484 2311152

**Email:** jayadev.architect@gmail.com

**In Whatsapp: 98464 20000**



ഗ് ലൈറ്റും ഇവിടെ നൽകിയിട്ടുണ്ട്. ഡൈനിംഗിന് അരികിലായി ഒതുക്കത്തോടെ വാഷ് ഏരിയയും ക്രമീകരിച്ചിരിക്കുന്നു. ഇവിടെ നിന്നും പുറത്തേക്ക് ഇറങ്ങാനും സാധിക്കും.

പുറത്തെ കാഴ്ചകളിലേക്ക് മിഴി തുറക്കുന്ന ഒരു പേഷ്യോയും ഇവിടെയുണ്ട്. ലെതർ ഫിനിഷ് കോട്ട സ്റ്റോണാണ് പേഷ്യോയുടെ ഫ്ളോറിൽ ഉപയോഗിച്ചത്. വുഡു കൊണ്ടുള്ള സൺ ബ്രേക്കർ തണലേകുന്നതിനൊപ്പം ഡിസൈൻ അഴകും സമ്മാനിക്കുന്നുണ്ട്. അൽപ്പം ട്രെഡീഷണൽ ലുക്കുള്ള ചെയറും ടീപോയുമാണ് ഇവിടെ ഉപയോഗിച്ചത്.

## കിച്ചൻ

നീറ്റ് ആന്റ് സ്റ്റൈലിഷ് ലുക്കാണ് കിച്ചന്റെ പ്രത്യേകത. ലാമിനേറ്റഡ് മറൈൻ പ്ലൈ കൊണ്ടുള്ള കാബിനറ്റുകളും ഓവർഹെഡ് റാക്കുകളും നല്ല സ്റ്റോറേജ് സ്പെയ്സ് നൽകുന്നുണ്ട്. വൈറ്റ് നിറത്തിലുള്ള ലക്വേർഡ് ഗ്ലാസ്സാണ് സ്പ്ലാഷ് ബാക്കിന് നൽകിയത്.

കൗണ്ടർ ടോപ്പിനു വേണ്ടി ഡാർക്ക് പിങ്ക് നിറത്തിലുള്ള ഗ്രാനൈറ്റും തെരെഞ്ഞെടുത്തു. ഗ്രീൻ നിറത്തിലുള്ള കോവ് ലൈറ്റുകളും സ്റ്റൈലൻ റോളർ ബ്ലൈൻഡും കൂടി ചേർന്നപ്പോൾ കിച്ചനും ബ്യൂട്ടിഫുൾ!

*റിപ്പോർട്ട്:* **മീര ഗോപാൽ**

*ഫോട്ടോ:* **അശോക് റാം**

സൗന്ദര്യവും ലാളിത്യവും ഒത്തിണങ്ങും ഡൈനിംഗ് സ്പെയ്സ്

വൈറ്റ് കളർ തീമിൽ സുന്ദരിയായി കിച്ചൻ



